Class X 2024

**Series #CDBA**

**SET-4**

**Q.P. Code 12**

Roll No. | | | | | | | | |

Candidates must write the Q.P. Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **19** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **19** printed pages.
- Please check that this question paper contains **9** questions.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*

***General Instructions :***

*(i)* *This question paper is divided into **two** sections.*

***Section A :*** *Reading Comprehension (VSAQ), Vocabulary Building, Prose and Poetry (MCQ)* *40 marks*

***Section B :*** *Grammar, Composition, Literature (Prose, Poetry and Supplementary)* *40 marks*

*(ii)* *It has total **9** questions.*

*(iii)* ***Section A :*** *4 questions no. 1 to 4.*

*(iv)* ***Section B :*** *5 questions no. 5 to 9.*

*Attempt questions as per specific instructions.*

*Write question no. in answer book before attempting it.*

*ചോദ്യ പേപ്പർ **2** വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു ആകെ **9** ചോദ്യങ്ങൾ ഉണ്ട്.*

*എ വിഭാഗത്തിൽ 4 ചോദ്യങ്ങൾ ഒന്നുമുതൽ നാല് (ജെ) വരെ. (1 മുതൽ 4 വരെ)*

*ബി വിഭാഗത്തിൽ 5 ചോദ്യങ്ങൾ 5(a) മുതൽ 9(c) വരെ. (5 മുതൽ 9 വരെ)*

## എ വിഭാഗം / SECTION A

**1.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം) *8×1=8*

ജീവികളുടെ ജനിതക ഘടനയിൽ അഭിലഷണീയമായ തരത്തിൽ മാറ്റം വരുത്തി അവയുടെ സ്വഭാവത്തെ നിയന്ത്രിക്കുന്ന സാങ്കേതിക വിദ്യയാണ് ജനിതക എൻജിനീയറിംഗ്. ഡി.എൻ.എ. യുടെ നിശ്ചിത ഭാഗമായ ജീനുകളെ മുറിച്ചെടുക്കാനും കൂട്ടിച്ചേർക്കാനും കഴിയുമെന്ന കണ്ടെത്തലാണ് ഇതിന്റെ അടിസ്ഥാനം. അതിനായി എൻസൈമുകളെയാണ് ഉപയോഗപ്പെടുത്തുന്നത്. ഒരു കോശത്തിലെ

ജീനിനെ മറ്റൊരു കോശത്തിലേയ്ക്ക് എത്തിക്കുന്നത് അനുയോജ്യരായ വാഹകർ ഉപയോഗിച്ചാണ്. കൂട്ടിച്ചേർത്ത ജീനുകൾ ഉള്ള വാഹകർ ലക്ഷ്യകോശത്തിൽ പ്രവേശിക്കുന്നു. സാധാരണയായി ബാക്ടീരിയകളിലെ പ്ലാസ്മിഡ് ആണ് വാഹകരായി പ്രവർത്തിക്കുന്നത്. അതുവഴി പുതിയ ജീനുകൾ ലക്ഷ്യകോശത്തിലെ ജനിതക ഘടനയുടെ ഭാഗമാകുന്നു. 1984 ൽ അലക് ജെഫ്രി എന്ന ശാസ്ത്രജ്ഞൻ നടത്തിയ ചില പരീക്ഷണങ്ങളാണ് ഡി.എൻ.എ. പരിശോധന എന്ന സാധ്യതയിലേയ്ക്ക് വഴിതെളിയിച്ചത്. ഓരോ വ്യക്തിയിലേയും വിരലടയാളം വ്യത്യസ്തമായിരിക്കുന്നതു പോലെ ഡി.എൻ.എ. യിലെ ന്യൂക്ലിയോറ്റയിഡുകളുടെ ക്രമീകരണവും വ്യത്യസ്തമായിരിക്കും. വ്യക്തികളുടെ ഡി.എൻ.എ. യിലെ ഈ ക്രമീകരണ വ്യത്യാസം സാങ്കേതിക പരിശോധനയിലൂടെ കണ്ടെത്താം. അതിനാൽ ഈ സാങ്കേതിക വിദ്യയെ ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗ് എന്ന് വിളിക്കുന്നു. കുടംബപാരമ്പര്യം കണ്ടെത്താനും, മാതൃത്വ - പിതൃത്വ തർക്കങ്ങളിൽ യഥാർത്ഥ മാതാപിതാക്കളെ തിരിച്ചറിയാനും, പ്രകൃതിക്ഷോഭം, യുദ്ധം തുടങ്ങിയ കാരണങ്ങളാൽ കാണാതായവരെ വർഷങ്ങൾക്കു ശേഷം കണ്ടെത്താനും, കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ ഉണ്ടാവുമ്പോൾ യഥാർത്ഥ കുറ്റവാളികളെ തിരിച്ചറിയാനും ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗ് സഹായിക്കുന്നു. ജനിതക എൻജിനീയറിംഗിന്റെ ഏറ്റവും ആധുനികമായ തലമാണ് ജനിതക എഡിറ്റിംഗ്. അതിനായി ഉപയോഗിക്കുന്ന ഏറ്റവും കാര്യക്ഷമമായ ജനിതക കത്രികയാണ് CRISPR-CAS9. ജനിതക രോഗങ്ങൾക്ക് കാരണമായ ജീനുകളെ മാറ്റി പകരം

പ്രവർത്തനക്ഷമമായ ജീനുകൾ ഉൾപ്പെടുത്തുന്ന ചികിത്സയാണ് ജീൻതെറാപ്പി. ഇത് ജനിതക രോഗങ്ങളുടെ നിയന്ത്രണത്തിൽ വലിയ പ്രതീക്ഷയാണ് നൽകുന്നത്. ജീവികളിൽ കൂടുതൽ കാര്യക്ഷമമായി പരിഷ്കാരം വരുത്താൻ ഇന്ന് കഴിയുന്നുണ്ട്. ജനിതക പരിഷ്കാരം മുന്നോട്ടു വെയ്ക്കുന്ന ഭാവിയുടെ വാഗ്ദാനങ്ങളിലൊന്നാണ് മരുന്നുതരും മൃഗങ്ങൾ. മനുഷ്യന് ആവശ്യമായ ഇൻസുലിന്റേയും വളർച്ചാ ഹോർമോണുകളുടേയും ജീനുകളെ പശു, പന്നി മുതലായ ജന്തുക്കളിലേയ്ക്ക് സന്നിവേശിപ്പിച്ചാണ് അവയെ മരുന്നു തരും മൃഗങ്ങളാക്കി മാറ്റുന്നത്.

**ചോദ്യങ്ങൾ :**

(i) CRISPR-CAS9 എന്താണെന്ന് വിവരിക്കുക.

(ii) മരുന്നുതരും മൃഗങ്ങൾ എന്താണ് എന്ന് വിശദീകരിക്കുക.

(iii) ജനിതക എൻജിനീയറിംഗിന്റെ അടിസ്ഥാനമെന്ത് ?

(iv) ജീൻ തെറാപ്പി എന്നാലെന്ത് ?

(v) ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗിന്റെ ഉപയോഗങ്ങളെന്തെല്ലാം ?

(vi) ജനിതക എൻജിനീയറിംഗ് എന്തെന്ന് വിശദീകരിക്കുക.

(vii) സാധാരണയായി ആരാണ് വാഹകരായി പ്രവർത്തിക്കുന്നത് ?

(viii) "അതിനാൽ ഈ സാങ്കേതിക വിദ്യയെ ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗ് എന്ന് വിളിക്കുന്നു" - വിശദീകരിക്കുക.

2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം) $7 \times 1=7$

ആറരക്കോടി വർഷങ്ങൾക്കു മുമ്പ് അവസാനത്തെ ദിനോസറും മൺ മറഞ്ഞു എന്നായിരിക്കുമല്ലോ ജീവശാസ്ത്ര പാഠപുസ്തകത്തിൽ പഠിച്ചിട്ടുണ്ടാവുക. എന്നാൽ ഇപ്പോൾ ശാസ്ത്രജ്ഞർ പറയുന്നു, ദിനോസറുകൾ ചത്തു മണ്ണടിഞ്ഞതല്ല; ചിറകിലേറി പറന്നുപോയതാണെന്ന് ! ജീവിക്കുന്ന ദിനോസറുകളാണത്രെ പക്ഷികൾ ! ദിനോസർ - ഇംഗ്ലീഷ് ഉച്ചാരണം ഡൈനസോർ എന്നാൽ ഗ്രീക്കിൽ 'ഭീകരൻ പല്ലി / ഭീകരൻ ഉരഗം' എന്നാണർത്ഥം. അവയുടെ ഭീമൻ ശരീരവും അറക്കവാൾ പോലുള്ള പല്ലുകളുമായിരിക്കാം. ആ പേരിനു പിന്നിൽ. എന്നാൽ എല്ലാ ദിനോസറുകളും ഭീമാകാരൻമാരും അപകടകാരികളുമല്ല. വലിപ്പത്തിന്റെ കാര്യത്തിൽ അതിശയിപ്പിക്കുന്ന വൈവിധ്യം പുലർത്തിയവയാണ് ദിനോസറുകൾ. അറിയപ്പെടുന്നതിൽ ഏറ്റവും വലിയ ദിനോസറായ ബ്രാക്കിയോസോറസ്സിന് 23 മീറ്റർ നീളവും 12 മീറ്റർ ഉയരവുമാണെങ്കിൽ ഏറ്റവും ചെറിയത് ഒരു കോഴിയേക്കാൾ ഇത്തിരി കൂടി മാത്രം വലിപ്പമുള്ളവയായിരുന്നു. പക്ഷികൾ ദിനോസറുകളാണെങ്കിൽ ഏറ്റവും ചെറിയ ദിനോസർ ആറ് സെന്റീമീറ്റർ മാത്രം വലിപ്പമുള്ള ക്യൂബയിലെ ബീ. ഹമ്മിംഗ് ബേർഡ് ആണ്. പക്ഷികളൊഴിച്ച് എഴുനൂറോളം ദിനോസർ സ്പീഷീസുകളെയാണ് ഇതുവരെ ശാസ്ത്രജ്ഞർ കണ്ടെത്തിയതും പേരിട്ടതും. ചരിത്രത്തിൽ ആദ്യമായി ഏതാനും ദിനോസർ അസ്ഥികൾ കണ്ടെത്തിയത് 1677 ൽ ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ

ആദ്യത്തെ രസതന്ത്ര പ്രൊഫസ്സറായിരുന്ന റോബർട്ട് പ്ലോട്ട് ആണ്. എന്നാൽ അത് ഏത് ജീവിയുടെ അസ്ഥിയാണെന്ന് അദ്ദേഹത്തിന് മനസ്സിലായിരുന്നില്ല. സമാനമായ അസ്ഥികൾ 1824-ൽ ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ തന്നെ ആദ്യത്തെ ജിയോളജി പ്രൊഫസ്സറായിരുന്ന വില്യംബക്ക്‌ലാന്റിന്റെ കണ്ണിലും പെട്ടു. താടിയെല്ല്, പല്ലുകൾ, കാലുകൾ എന്നീ അസ്ഥികൾ പരിശോധിച്ചതിൽ നിന്ന് വംശനാശം സംഭവിച്ച ഏതോ മാംസഭോജിയായ ഉരഗജീവിയുടേതായിരിക്കാം അവയെന്ന് അദ്ദേഹം ഊഹിച്ചു. അദ്ദേഹം ആ ജീവിയെ മെഗലോസോറസ് എന്ന് വിളിച്ചു. 1842 ൽ സർ റിച്ചാർഡ് ഓവർ അതുവരെ കണ്ടുപിടിച്ച ഫോസിലുകളെ ദിനോസോറിയാ എന്ന ജീവികുടുംബത്തിൽ ഉൾപ്പെടുത്തി. അതിൽ നിന്നാണ് ദിനോസർ എന്ന വാക്കിന്റെ ഉൽപ്പത്തി. ദിനോസറുകളുടെ ഉൽപ്പത്തി ഏകദേശം 24.5 കോടി വർഷങ്ങൾക്കു മുമ്പായിരുന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പക്ഷികളല്ലാത്ത ദിനോസറുകളുടെ വാഴ്ച 6.6 വർഷങ്ങൾക്കു മുമ്പ് അവസാനിക്കുകയും ചെയ്തു. അവയിൽ ഇന്നത്തെ പക്ഷികളുടെ പൂർവ്വികർ എന്ന് പരക്കെ അംഗീകരിക്കപ്പെട്ട ദിനോസറുകളായിരുന്നു തെറാപ്പോഡുകൾ. ഇരു കാലികളും മാംസഭുക്കുകളുമായിരുന്നു തെറാപ്പോഡുകൾ. പക്ഷികൾ ദിനോസറുകളിൽ നിന്ന് പരിണമിച്ചുണ്ടായതാണെന്ന ആശയം ആദ്യമായി മുമ്പോട്ടുവെച്ചത് ദിനോസറുകളിൽനിന്ന് പരിണാമം സംഭവിച്ച പക്ഷികളെ ഗവേഷണം ചെയ്ത, പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച ടി.എച്ച്. ഹക്സിലി

ആയിരുന്നു. 1860-61 വർഷങ്ങളിൽ ജർമ്മനിയിൽ നിന്ന് കണ്ടെടുത്ത ആർക്കിയോറിക്സ് ആണ് ഇതുവരെ കണ്ടുപിടിക്കപ്പെട്ടതിൽ ഏറ്റവും പ്രാചീനമായ പക്ഷി. ഉരഗങ്ങൾക്കും പക്ഷികൾക്കും ഇടയിലുള്ള കണ്ണിയായി ഇവയെ കരുതപ്പെടുന്നു. തെറാപ്പോഡുകളുടെ ശരീരഘടനയും ആധുനിക കാലത്തെ പക്ഷികളുടെ ഘടനയും തമ്മിൽ ഒട്ടേറെ സമാനതകളുണ്ട്. ചിറകുകളും തൂവലുകളുമുള്ള പുതിയ ദിനോസറുകളെ ഇപ്പോഴും കണ്ടുപിടിച്ചുകൊണ്ടേയിരിക്കുകയാണ്.

**ചോദ്യങ്ങൾ :**

(i) ഇന്നത്തെ പക്ഷികളുടെ പൂർവ്വികർ എന്ന് പരക്കെ അംഗീകരിക്കപ്പെട്ട ദിനോസറുകൾ ഏത് ?

(ii) അറിയപ്പെടുന്നതിൽ ഏറ്റവും വലുതും ചെറുതുമായ ദിനോസറുകളുടെ വലിപ്പം എത്രയായിരുന്നു ?

(iii) ഏകദേശം എത്ര വർഷങ്ങൾക്കു മുമ്പ് ദിനോസർ മൺമറഞ്ഞെന്നാണ് പഠിപ്പിച്ചിരുന്നത് ?

(iv) ഉരഗങ്ങൾക്കും പക്ഷികൾക്കും ഇടയിലുള്ള കണ്ണിയായി എന്തിനെയാണ് കരുതപ്പെടുന്നത് ?

(v) ചരിത്രത്തിൽ ആദ്യമായി ചില ദിനോസർ അസ്ഥികൾ കണ്ടെത്തിയതാര് ?

(vi) പക്ഷികൾ ദിനോസറുകളാണെങ്കിൽ, ഏറ്റവും ചെറിയ ദിനോസർ ഏതാണ് ?

(vii) മെഗലോസോറസ് എന്ന ജീവിയ്ക്ക് ആ പേരു നൽകിയത് ആര് ?

3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ***ഏഴെണ്ണത്തിന്*** ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക : *7×1=7*

(i) 'ശവം' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) പിണം (B) കേദാരം

(C) ഓതം (D) യാനം

(ii) 'പാന്ഥൻ' എന്ന പദത്തിന്റെ എതിർലിംഗപദം ഏത് ?

(A) പാന്തി (B) പന്ഥാവി

(C) പാന്ഥി (D) പാന്ഥ

(iii) 'സുകൃതം' എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിലേതാണ് ?

(A) പീയൂഷം (B) പാപം

(C) പുണ്യം (D) ദേഷ്യം

(iv) 'തൂമ - സീമ' - എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ഭംഗി - അതിര് (B) നന്മ - മഞ്ഞ്

(C) മഞ്ഞ - തിന്മ (D) മയിൽ - പൂവ്

(v) 'നരാധമൻ' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത് ?

(A) നരന്മാരും അധമന്മാരും

(B) നരന്മാരുടെ അധമൻ

(C) നരന്മാരിൽ അധമൻ

(D) നരന്മാരായ അധമൻ

(vi) 'മൂലം' - എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തത് ഇവയിൽ ഏതാണ് ?

(A) വേര്

(B) ഒരു നക്ഷത്രം

(C) കാരണം

(D) മോക്ഷം

(vii) 'സാധിക്കാൻ കഴിയാത്തത്' - എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) അസാധ്യം

(B) അധ്രുവം

(C) അസഹ്യം

(D) ആമ്രേഡിതം

(viii) 'കൈയിൽ' എന്നപദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) കൈ + യിൽ

(B) കൈ + ഇൽ

(C) കൈ + ൽ

(D) കൈയ് + ൽ

(ix) 'ശിഥിലം' എന്നതിന്റെ വിപരീതപദം ഏത് ?

(A) സങ്കുചിതം

(B) വിപുലം

(C) ദൃഢം

(D) വിശാലം

(x) തന്നിരിക്കുന്നതിൽ ശരിയായ പദം കണ്ടെത്തി എഴുതുക :

(A) പരിഗ്രസ്ഥം

(B) പരിഗൃസ്ഥം

(C) പരിഗൃസ്തം

(D) പരിഗ്രസ്തം

4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം) ഓരോ ചോദ്യത്തിനും ഓരോ ഉപചോദ്യവും ഉണ്ട് : *9×2=18*

(a) (i) താഴെ പറയുന്നവയിൽ 'ലക്ഷ്മണ സാന്ത്വനം' എന്ന പാഠ്യഭാഗവുമായി ചേരാത്ത പ്രസ്താവന ഏത് ?

(A) ബുധജനം ക്രോധം ഉപേക്ഷിക്കണം എന്ന ഉപദേശം

(B) ലക്ഷ്മണൻ അനുജനു നൽകുന്ന ഉപദേശം

(C) അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ വരികൾ

(D) മർത്ത്യജന്മം ക്ഷണഭംഗുരമാണ് എന്ന തിരിച്ചറിവ്

(ii) ഈ പാഠ്യഭാഗത്ത് സംസാരനാശിനിയായി കൽപ്പിക്കുന്നത് എന്ത് ?

(A) വിദ്യ

(B) ക്രോധം

(C) അവിദ്യ

(D) ഭോഗം

(b) "ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത് ?"

(i) പരുക്കനായി ഇങ്ങനെ പറഞ്ഞതാര് ?

(A) ചെമ്പുമത്തായി

(B) പാറാവുകാരൻ

(C) യാത്രക്കാരിലൊരാൾ

(D) ചാക്കുണ്ണി

(ii) അയാൾ എവിടെയാണ് പുലർച്ചയ്ക്കു തന്നെ എത്തിയത് ?

(A) ജയിലിൽ

(B) ചെമ്പുമത്തായിയുടെ വീട്ടിൽ

(C) പ്ലാറ്റ്ഫോമിൽ

(D) തയ്യൽക്കടയിൽ

(c) (i) വിവേകികൾ ജീവിതം ധന്യമാക്കുന്നതെങ്ങനെയാണ് ?

(A) സന്യസിച്ച്

(B) ആയതത്വമാർന്ന്

(C) അന്യജീവനുതകിക്കൊണ്ട്

(D) പ്രാർത്ഥിച്ചുകൊണ്ട്

(ii) 'നളിനി' എന്ന കൃതിയെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത് ?

(A) നളിനി ഒരു ഖണ്ഡകാവ്യമാണ്

(B) ഇതിലെ നായകൻ ദിവാകരനാണ്

(C) കുമാര നാശാന്റെ മഹാകാവ്യമാണ്

(D) ഇതിന്റെ കാവ്യസന്ദർഭം ഹിമാലയ സാനുവിലാണ്

(d) "ആ കുന്തം ഇബടിരിക്കണതാ നെനക്കും നല്ലത് ?"

(i) ഇവിടെ 'കുന്തം' എന്ന് സൂചിപ്പിക്കുന്നത് എന്ത് ?

(A) സ്വർണക്കമ്മൽ

(B) റേഡിയോ

(C) ബാറ്ററി

(D) ജാക്കറ്റ്

(ii) ആരാണ് ഇപ്രകാരം പറഞ്ഞത് ?

(A) ചെമ്പുമത്തായി

(B) ചാക്കുണ്ണി

(C) കണ്ടക്ടർ സുകുമാരൻ

(D) കുഞ്ഞനം

(e) "ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം

രോഷേണ വന്നുഭവിക്കുന്ന-തോർക്കനീ"

(i) ഇത് ആര് ആരോടു പറയുന്നതാണ് ?

(A) ലക്ഷ്മണൻ ശ്രീരാമനോട്

(B) ദിവാകരൻ നളിനിയോട്

(C) ശ്രീരാമൻ ലക്ഷ്മണനോട്

(D) നളിനി ദിവാകരനോട്

(ii) ഈ വരികൾ ഏത് കൃതിയിൽ നിന്നും എടുത്തതാണ് ?

(A) മഹാഭാരതം കിളിപ്പാട്ട്

(B) കൃഷ്ണഗാഥ

(C) അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്

(D) നാരായണീയം

(f) "അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ –

ലൊന്നു മനസ്സിലൂടപ്പോൾ കടന്നുപോയ് "

(i) ആർക്കാണ് സൂചിപ്രയോഗത്തിന്റെ നീറ്റൽ അനുഭവപ്പെട്ടത് ?

(A) പ്രായമായ അമ്മയ്ക്ക്

(B) മകന്

(C) മകന്റെ ഭാര്യയ്ക്ക്

(D) വായനക്കാർക്ക്

(ii) 'മങ്ങിപ്പഴകിയ പിഞ്ഞാണവർണമായി' ഈ വരികളിൽ സൂചിപ്പിക്കുന്നതെന്ത് ?

(A) ഇരുട്ടുള്ള രാത്രിയെ

(B) അമ്മയുടെ കണ്ണുകളെ

(C) തെരുവ് വിളക്കുകളെ

(D) അമ്മയുടെ ഓർമ്മകളെ

(g) "വെള്ളിത്താലമെടുത്തു നിരന്നു ലസിപ്പൂ നെയ്യാമ്പലുകൾ"

(i) എങ്ങനെയുള്ള വെള്ളിത്താലവുമായാണ് നെയ്യാമ്പലുകൾ കാത്തുനിൽക്കുന്നത് ?

(A) തുമ്പപ്പൂക്കൾ നിറച്ച വെള്ളിത്താലം

(B) പൊൽക്കിഴിയെരിയുന്ന വെള്ളിത്താലം

(C) കമുകിൻ പൂവരി നിറച്ച വെള്ളിത്താലം

(D) മുക്കുറ്റിപൂക്കൾ നിറച്ച വെള്ളിത്താലം

(ii) ഈ വരികൾ ഏത് കൃതിയിൽ നിന്നെടുത്തതാണ് ?

(A) ഓണപ്പാട്ടുകാർ

(B) വിട

(C) കന്നിക്കൊയ്ത്ത്

(D) കുടിയൊഴിക്കൽ

(h) "അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനുചുറ്റും പിരിഞ്ഞു മുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി. അവസാനം ആരോ വഴി പറഞ്ഞു കൊടുത്തു."

(i) എവിടെവെച്ചാണ് ഈ അനുഭവം ഉണ്ടായത് ?

(A) തീവണ്ടിയാപ്പീസിന്റെ മുറ്റത്ത്

(B) കണ്ണൂരിലേയ്ക്കുള്ള വണ്ടിക്കായി പ്ലാറ്റ്ഫോമിൽ കാത്തിരിക്കുമ്പോൾ

(C) ജയിലിന്റെ പരിസരത്ത്

(D) കടൽത്തീരത്ത്

(ii) യാത്രയിൽ ഉടനീളം ഒരു കഥാപാത്രത്തെപ്പോലെ വെള്ളായിയപ്പന്റെ കൂടെയുള്ളത് എന്ത് ?

(A) കരിമ്പന

(B) പൊതിച്ചോറ്

(C) കാറ്റ്

(D) പണം

(i) "ഞാൻ യജ്ഞം ചെയ്തു, ഭരിക്കേണ്ടവരെ ഭരിച്ചു, ഭൂമിയടക്കി വാണു, ശത്രുക്കളുടെ തലയിൽ കാൽ വെച്ചു, ആർക്കുള്ളു എന്റേതിനേക്കാൾ നല്ല അവസാനം ?"

(i) ഈ വരികൾ ഏത് ഇതിഹാസത്തെ ആധാരമാക്കി എഴുതിയതാണ് ?

(A) മഹാഭാരതം

(B) രാമായണം

(C) ഭാഗവതം

(D) ശ്രീകൃഷ്ണചരിതം

(ii) ഈ വരികളിൽ തെളിയുന്ന ഭാവമെന്ത് ?

(A) പരിഹാസം

(B) സഹതാപം

(C) ദുഃഖം

(D) സ്വാഭിമാനം

(j) "മൂന്നുപതിറ്റാണ്ടായി നൂലുകോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ"

(i) ഈ പ്രസ്താവനയിൽ നിന്ന് ലഭിക്കുന്ന സൂചന എന്ത് ?

(A) ചാക്കുണ്ണിയുടെ പ്രായം

(B) ചാക്കുണ്ണിയുടെ രോഗാവസ്ഥ

(C) ചാക്കുണ്ണിയുടെ ദൈന്യത

(D) ചാക്കുണ്ണിയുടെ അശ്രദ്ധ

(ii) റേഡിയോ പണയംവെച്ചപ്പോൾ ചാക്കുണ്ണിക്ക് എത്ര രൂപയാണ് ലഭിച്ചത് ?

(A) അമ്പതുറുപ്പിക

(B) അമ്പത്തെട്ടുറുപ്പിക

(C) മുപ്പതുറുപ്പിക

(D) അമ്പത്തഞ്ചുറുപ്പിക

## ബി വിഭാഗം / SECTION B

**5.** (a) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. *2 ×1=2*

(i) ദ്രൗണി പിന്നെ പുറത്തു കടന്നു മററു ശിബിരങ്ങളിലേയ്ക്കു പുറപ്പെട്ടപ്പോൾ സ്ത്രീകളും കാവൽക്കാരും 'വേഗം ഓടിവരണേ' എന്ന് നിലവിളികൂട്ടി.

(ii) ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നുതാഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായ ഒരു പാട്ടിനു വേണ്ടി കാതോർത്തു.

(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *2 ×1=2*

(i) വേദങ്ങൾ പ്രമാണമാണെങ്കിൽ ഞാൻ നാശമില്ലാത്ത ലോകങ്ങൾ അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു.

(ii) ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന പേടിക്കുന്ന അപൂർവ്വം ചിലരായിരുന്നു അവരെല്ലാം.

(c) പ്രയോഗം മാററുക : *2 ×1=2*

(i) ആളുകൾ മേശകൾക്കു പിറകിൽ സ്ഥലം പിടിച്ചു.

(ii) അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക : *2×1=2*

(i) നിറവേറ്റുക

(ii) മോഹാലസ്യപ്പെടുക

(iii) ഉത്തരവിടുക

**6.** (a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. *5*

(i) ബഹിരാകാശ രംഗത്ത് ഇന്ത്യയുടെ നേട്ടങ്ങൾ.

**OR**

(ii) യുദ്ധം വരുത്തിവെയ്ക്കുന്ന വിപത്ത്.

(b) നിങ്ങളുടെ പ്രദേശത്ത് തെരുവ് നായ ശല്യം രൂക്ഷമാകുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് സത്വരനടപടി വേണമെന്ന് അപേക്ഷിച്ചുകൊണ്ട് ജനകീയസമിതി കൺവീനർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്തെഴുതുക. *5*

(c) ഒട്ടേറെ പരിമിതികൾ മറികടന്ന്, ഐ.എ. എസ്സിന് അഖിലേന്ത്യാതലത്തിൽ ഉയർന്ന റാങ്ക് നേടിയ രാജു എന്ന നിങ്ങളുടെ നാട്ടുകാരന് നാട്ടുകൂട്ടായ്മയുടെ ആദരവും, അഭിനന്ദന പ്രവാഹവും - ഒരു പത്രവാർത്ത തയ്യാറാക്കുക. *4*

7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും മൂന്ന് മാർക്ക് വീതം) *2×3=6*

(a) "ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർതൂകാതിരിപ്പാൻ ആർക്കു സാധിക്കും" ഇങ്ങനെ പറയാൻ കാരണം എന്ത് ? വിശദീകരിക്കുക.

(b) "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ, ഒക്കെ നിങ്ങള് എഴുതി വയ്ക്കണം" - സന്ദർഭം വിവരിക്കുക.

(c) "യാത്രയിൽ ഞാൻ അതു കഴിക്കാതെ ഇവിടെവരെ എത്തിച്ചു" പാഠസന്ദർഭം വിശദീകരിക്കുക ?

8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഒരോന്നിനും മൂന്നു മാർക്ക് വീതം) *2×3=6*

(a) "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ !" നളിനി തന്റെ കഷ്ടകാലം കഴിഞ്ഞു എന്ന് പറയുന്നതിന്റെ ഔചിത്യം എന്ത് ?

(b) 'ഓണമുറ്റത്ത്' എന്ന കവിതയിൽ ഓണക്കാലത്തെ ഉദിച്ചുയരുന്ന ഉഷസ്സിനെ കവി വർണ്ണിക്കുന്നതെങ്ങനെ ?

(c) "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു –
മെത്രയും ചഞ്ചലമാലയ സംഗമം" – ഇങ്ങനെ പറയാൻ കാരണമെന്ത് ? വിവരിക്കുക.

**9.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും മൂന്ന് മാർക്ക് വീതം) *2×3=6*

(a) സന്യാസത്തിന്റെ തുടക്കത്തിൽ കുഞ്ഞൻപിള്ളയ്ക്ക് വന്ന മാറ്റങ്ങളും ജീവിതചര്യയും വിവരിക്കുക.

(b) ഏററുമാനൂർ ക്ഷേത്രത്തിൽ വെച്ചുണ്ടായ രസകരമായ ഒരു സംഭവം എന്തെന്ന് വിവരിക്കുക.

(c) സ്വാമികൾ 'ഷൺമുഖദാസൻ' എന്ന പേര് സ്വീകരിച്ചതിനും 'ബാലാഹ്വൻ' എന്ന പേരിൽ അറിയപ്പെടുന്നതിനും കാരണമായതെന്ത്?